"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി - ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിനുള്ള അധിക മാർഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.183/2025/LSGD തീയതി,തിരുവനന്തപുരം, 19-01-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.36/2004/പ്ലാനിംഗ്; തീയതി 29.03.2004
2. 16.05.2018ലെ ഡിഎ1/569/2018-തസ്വഭവ നമ്പർ സർക്കുലർ
3. 25.01.2019ലെ ഡിഎ1/19/2019-തസ്വഭവ നമ്പർ സർക്കുലർ
4. 24.12.2020ലെ ഡിഎ1/322/2020-തസ്വഭവ നമ്പർ സർക്കുലർ
5. 21.04.2021ലെ ഡിഎ1/401/2019-തസ്വഭവ നമ്പർ സർക്കുലർ
6. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
7. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
8. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
9. 07.07.2023ലെ ഡിഎ1/232/2023-തസ്വഭവ നമ്പർ സർക്കുലർ
10. സ.ഉ.(കൈ) നം.198/2023/തസ്വഭവ; തീയതി 13.11.2023
11. സ.ഉ.(കൈ) നം.164/2024/തസ്വഭവ; തീയതി 25.11.2024
12. ശ്രീ. മാർട്ടിൻ പോൾ ഫയൽ ചെയ്ത 9961/2019 നമ്പർ റിട്ട് പെറ്റീഷനിലെ ബഹു. ഹൈക്കോടതിയുടെ 11.12.2024ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

വാർഷിക പദ്ധതിയുടെ ഭാഗമായി ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുവാൻ തദേശഭരണ സ്ഥപനങ്ങൾക്ക് അനുവാദം നൽകിയത് പത്താം പഞ്ചവത്സരപദ്ധതി കാലയളവിൽ പരാമർശം (1) ഉത്തരവ് പ്രകാരമാണ്. തുടർന്ന് 11, 12, 13, പഞ്ചവത്സര പദ്ധതികളിലും ഇതിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നില്ലെന്നും ഏറ്റെടുക്കുകയാണെങ്കിൽതന്നെ ഭാഗികമായാണ് സ്കോളർഷിപ്പും ബത്തയും നൽകുന്നതെന്നും മുടക്കം കൂടാതെ അവ നൽകുന്നില്ലെന്നുമുള്ള ധാരാളം പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ലഭ്യമാക്കേണ്ട സ്കോളർഷിപ്പിന്റെയും

ബത്തയുടെയും വിതരണത്തിൽ വീഴ്ച വരുത്തരുതെന്നും ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം മതിയായ ഫണ്ട് ലഭ്യമല്ലെങ്കിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ കൂടി വിഹിതം മാറ്റി വയ്ക്കണമെന്നും പരാമർശം (2) മുതൽ (5) വരെയുള്ള സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും അവയുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി കാലയളവിലേക്ക് വേണ്ടി പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം നിർദേശം നൽകിയിട്ടുണ്ട്. സ്കോളർഷിപ്പ്, ബത്ത എന്നീ ഇനങ്ങളിൽ നൽകേണ്ട തുകയുടെ നിരക്കുകളും മറ്റ് വിശദാംശങ്ങളും ആയതു പ്രകാരം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക ഗ്രാമ പ്രദേശങ്ങളിൽ 60:30:10 എന്ന അനുപാതത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വകയിരുത്തി നൽകണമെന്നും മേല്പറഞ്ഞ അനുപാതത്തിൽ തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവു ന്നതാണെന്നും പരാമർശം (6) ഉത്തരവിലെ ഖണ്ഡിക 6.4 (ബി)(2)-ൽ നിർദ്ദേശിച്ചിട്ടുമുണ്ട്. നഗരഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിന് വേണ്ട മുഴുവൻ തുകയും നഗരഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതിയിൽ വകയിരുത്തണമെന്ന് പരാമർശം (7) ഉത്തരവിലെ ഖണ്ഡിക 6.4 ബി (2) പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നിലവിലുള്ളപ്പോഴും ചില തദ്ദേശഭരണസ്ഥാപനങ്ങളെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അർഹതപ്പെട്ട മുഴുവൻ തുകയും നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണമെന്ന് പരാമർശം (9) പ്രകാരം വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നിരുന്നാലും ഇപ്പോഴും ചില തദ്ദേശഭരണസ്ഥാപനങ്ങൾ അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നില്ലെന്ന പരാതി നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രസ്തുത നിലപാടുകൾക്കെതിരെ പലരും കോടതിയെ സമീപിക്കുന്ന സ്ഥിതിയും സംജാതമായിട്ടുണ്ട്. ഇത്തരത്തിൽ പരാതിക്ക് ഇടനൽകുന്ന രീതിയുള്ള പ്രവർത്തനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ലാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പരാമർശം (8) ഉത്തരവിലെ ഖണ്ഡിക 7.1.6 പ്രകാരം അനുവദനീയമായ സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് ചുവടെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവാകുന്നു.

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതും അർഹരായ എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുഴുവനായും മുടക്കം കൂടാതെയും അതത് മാസം തന്നെ നൽകേണ്ടതുമാണ്.
2. ഇതിനായി വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം), പതിനഞ്ചാം ധനകാര്യ

കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ്), തനതുഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ചുള്ള തുക SCSP/TSP വിഹിതത്തിൽ നിന്നും വകയിരുത്താവുന്നതുമാണ്.

3. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഇതിനാവശ്യമായ തുക ഗ്രാമ-ബ്ലോക്ക്—ജില്ലാ പഞ്ചായത്തുകൾ യഥാക്രമം 60:30:10 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. നഗരഭരണ സ്ഥാപനങ്ങൾ മതിയായ തുക സ്വന്തമായി വകയിരുത്തണം.
4. 40 ശതമാനമോ അതിൽ കൂടുതലോ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പും ബത്തയും നൽകേണ്ടത്. അതിനായി മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്/ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID) പരിഗണിച്ചാൽ മതിയാകുന്നതാണ്. കുടുംബത്തിന്റെ വാർഷിക വരുമാന പരിധിയോ മറ്റ് ഘടകങ്ങളോ പരിഗണിക്കേണ്ടതില്ല.
5. ബഡ്സ് സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വെല്ലുവിളിയുടെ തോത് പരിഗണിക്കാതെ സ്കോളർഷിപ്പും ബത്തയും അനുവദിക്കാവുന്നതാണ്.
6. അതത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിര താമസക്കാരായ രക്ഷിതാക്കളുടെ കുട്ടികൾക്കാണ് സ്കോളർഷിപ്പിനും ബത്തയ്ക്കും അർഹതയുള്ളത്.
7. സ്കോളർഷിപ്പും ബത്തയും ലഭിക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ വാങ്ങേണ്ടതില്ല. സ്കോളർഷിപ്പിനും ബത്തയ്ക്കും അർഹതയുള്ള കുട്ടികളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, അംഗനവാടി പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരുടെ സഹായത്തോടെയും മറ്റ് ഉചിതമായ മാർഗ്ഗങ്ങളിലൂടെയും അന്വേഷണം നടത്തി ഐ.സി.ഡി.എസ്സ് സൂപ്പർവൈസർമാർ കണ്ടെത്തേണ്ടതും അവരുടെ വിശദാംശങ്ങൾ ശേഖരിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. അവ എല്ലാ വർഷവും അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിനു മുന്നോടിയായി കാലികമാക്കേണ്ടതുമാണ്. ഏതെങ്കിലും ഘട്ടത്തിൽ അർഹതയുള്ള ഏതെങ്കിലും കുട്ടികളെ വിട്ടുപോയതായി ശ്രദ്ധയിൽപ്പെടുകയോ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുകയോ ചെയ്യുകയാണെങ്കിൽ, അർഹത പരിശോധിച്ച് അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും അടുത്ത മാസം മുതൽ സഹായം നൽകേണ്ടതുമാണ്.
8. ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭ/വാർഡ്സഭ/വാർഡ്കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതില്ല. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമപഞ്ചായത്ത് / നഗരസഭയുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.
9. പരാമർശം (8) ഉത്തരവിലെ ഖണ്ഡിക 7.1.6 ലെ ഏതെങ്കിലും ഘടകങ്ങൾക്ക് സാമൂഹ്യനീതി വകുപ്പോ മറ്റേതെങ്കിലും വകുപ്പുകളോ ധനസഹായം നൽകുന്നുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും നൽകുന്ന ധനസഹായത്തിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
10. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകേണ്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിന് മുന്നോടിയായി, CDPO മാർ ബന്ധപ്പെട്ട ICDS സൂപ്പർവൈസർമാരിൽ നിന്നും വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനായി വകയിരുത്തേണ്ട വിഹിതം കണക്കാക്കി എല്ലാ വർഷവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളുടെ സംഗതിയിൽ ജില്ലാ സാമൂഹ്യനീതി ആഫീസർ CDPO മാരിൽ നിന്നും വിവരം ശേഖരിക്കേണ്ടതും ജില്ലാ പഞ്ചായത്തുകൾ

ഇതിനായി വകയിരുത്തേണ്ട വിഹിതം കണക്കാക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.

11. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുഴുവനായും നൽകുന്നതിനുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തങ്ങളുടെ വാർഷിക പദ്ധതി സംബന്ധിച്ച ശിപാർശയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാരും നിർവ്വഹണ ഉദ്യോഗസ്ഥനും ഉറപ്പാക്കേണ്ടതാണ്.
12. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുഴുവനായും നൽകുന്നതിനുള്ള പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ടെന്ന് അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.
13. സ്കോളർഷിപ്പ്/ബത്തയിലെ പ്രതിമാസ ഘടകങ്ങൾ വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്.
14. ധനസഹായതുക നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെയും (കുട്ടിയുടെ) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്ക് അതത് മാസം തന്നെ നൽകണം.
15. ധനസഹായം നൽകിവരുന്നവരുടെ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും ആദ്യം കൂടുന്ന ഗ്രാമസഭ/വാർഡ്സഭ/വാർഡ് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതുമാണ്.
16. കൂടാതെ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുകയും, സാമ്പത്തിക വർഷത്തിന്റെ അവസാനം, ബന്ധപ്പെട്ട പ്രോജക്ടിന്റെ ഭൗതിക നേട്ടമായി, ധനസഹായം നൽകിയ ഗുണഭോക്താക്കളുടെ വിവരങ്ങൾ, അനുവദിച്ച തുകയുടെ വിശദാംശങ്ങൾ സഹിതം സുലേഖ സോഫ്റ്റ്വെയറിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനാവശ്യമായ സൗകര്യവും, ഈ വിവരങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നതിനുള്ള സൗകര്യവും സുലേഖ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ ഉടൻ നടപടി സ്വീകരിക്കേണ്ടതാണ്.
17. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് പരാമർശം (6), (7) ഉത്തരവുകളിലെ ഖണ്ഡിക 5.4.1(8) പ്രകാരം നിർബന്ധമായും നീക്കിവയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

8. ഡയറക്ടർ, റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
11. അഡ്വക്കേറ്റ് ജനറൽ, കേരള (ആമുഖ കത്ത് സഹിതം)
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
24. വനിതാ ശിശു വികസന വകുപ്പ്
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 20-01-2025 13:27:42
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്